## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം.5414** **18/11/2019-ൽ മറുപടിയ്ക്ക്**

## കുന്ദമംഗലത്തെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ്

| ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കുന്ദമംഗലത്ത് നിലവിലുള്ള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ ഗവേണിംഗ് ബോഡിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ ഗവേണിംഗ് ബോഡി നിലവിലില്ല. മാനേജ്മെന്റ് കമ്മിറ്റിയും, റിസർച്ച് കൗൺസിലുമാണ് നിലവിലുള്ളത്. മാനേജ്മെന്റ് കമ്മിറ്റി, റിസർച്ച് കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധം I -ൽ കണ്ടാലും. |
| (ബി) | ഈ സ്ഥാപനത്തിൽ നിലിവിൽ എന്തെങ്കിലും കോഴ്സ് പഠിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | (i) കെ.എസ്.ഒ.എം. - റെഗുലർ പി.എച്ച്.ഡി. പ്രോഗ്രാം<br>(ii) സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗണിതശാസ്ത്ര റിഫ്രഷർ കോഴ്സുകൾ<br>(iii) ഗണിതശാസ്ത്രത്തിൽ ഗവേഷണവും പരിശീലനവും നേടുന്നതിന് സംസ്ഥാനത്തെ ബിരുദതല വിദ്യാർത്ഥികളിൽ യുവപ്രതിഭകളെ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി KSoM-TNP (KSoM-Talent Nurture Program)<br>(iv) അടുത്ത അദ്ധ്യയന വർഷം മുതൽ കോഴിക്കാട് സർവ്വകലാശാലയുമായി സംയോജിച്ച് ഇന്റർഗ്രേറ്റഡ് Ph.D (MSc-PhD) പ്രോഗ്രാം |
| (സി) | പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | ഗണിതശാസ്ത്ര ഗവേഷണം അഭിവൃദ്ധിപ്പെടുത്തുക, ഗണിതശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് പ്രവർത്തിച്ചു വരുന്നത്. ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ള ഗവേഷണ പഠന പ്രവർത്തനങ്ങളാണ് മുഖ്യമായും കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന്റേത്. ഗണിത ശാസ്ത്രത്തിലെ വിവിധ പഠന ശാഖകളിലുള്ള ശിൽപശാലകൾ, പ്രബന്ധങ്ങളുടെയും വ്യവഹാര വിവരണത്തിന്റെയും പ്രസിദ്ധീകരണം, അന്തർദേശീയ ശിൽപശാലകൾ, കേരളത്തിലെ ഗണിത |

| | | | |
|---|---|---|---|
| | | | ശാസ്ത്ര അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലനക്ലാസ്സുകൾ, തുടർ പരിശീലന പദ്ധതികൾ, വിദേശ യൂണിവേഴ്സിറ്റികളിൽ നിന്നുമുള്ള ഗണിതശാസ്ത്ര പ്രഗൽഭരുടെ ശിൽപശാലകൾ, വിദ്യാർത്ഥികൾക്കായി അടിസ്ഥാന ഗണിത ശാസ്ത്രത്തിലുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയെല്ലാം കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിൽ നടക്കുന്നുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ മാത്തമാറ്റിക്സ് പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ വിഷയം പരിഗണിച്ചിട്ടില്ല; ഉന്നതതല വിദ്യാഭ്യാസത്തിനായി കോഴിക്കോട് സർവ്വകലാശാലയുമായി സംയോജിപ്പിച്ച് ഇൻർഗ്രേറ്റഡ് എം.എസ്.സി., പി.എച്ച്.ഡി ആരംഭിക്കുന്നതിനുള്ള അനുമതി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

File No.A3/246/2019-SandTD

## അനുബന്ധം I

## കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിലെ മാനേജ്മെന്റ് കമ്മിറ്റിയിലെയും റിസർച്ച് കൗൺസിലിലെയും അംഗങ്ങൾ

| മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ | | |
|---|---|---|
| ക്രമനമ്പർ | പേര് | സ്ഥാനം |
| 1 | ഡയറക്ടർ, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് | ചെയർമാൻ |
| 2 | എക്സിക്യൂട്ടീവ് ഡയറക്ടർ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം | മെമ്പർ |
| 3 | മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | മെമ്പർ |
| 4 | കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ | മെമ്പർ |
| 5 | ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ് | മെമ്പർ |
| 6 | ഡോ.എ.കെ.വിജയരാജൻ, അസോസിയേറ്റ് പ്രൊഫസർ, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് | മെമ്പർ |

| റിസർച്ച് കൗൺസിൽ അംഗങ്ങൾ | | |
|---|---|---|
| ക്രമനമ്പർ | പേര് | സ്ഥാനം |
| 1 | പ്രൊഫ.എ.ജെ.പരമേശ്വരൻ, സ്കൂൾ ഓഫ് മാത്തമാറ്റിക്സ്, ടി.ഐ.എഫ്.ആർ. മുംബൈ | ചെയർമാൻ |
| 2 | പ്രൊഫ.ആർ.ബാലസുബ്രഹ്മണ്യൻ, ഹെഡ്, എൻ.സി.എം., ഐ.ഐ.ടി., മുംബൈ | മെമ്പർ |
| 3 | പ്രൊഫ.ആർ.എൽ.കറണ്ടിക്കർ, ഡയറക്ടർ, സി.എം.ഐ. ചെന്നൈ | മെമ്പർ |
| 4 | പ്രൊഫ.കെ.സന്ദീപ്, ടി ഐ എഫ് ആർ സെന്റർ, ബംഗലൂരു | മെമ്പർ |
| 5 | ഡോ.എൻ.ബാലകൃഷ്ണൻ, ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്, കുസാറ്റ് | മെമ്പർ |

File No.A3/246/2019-SandTD

| | | |
|---|---|---|
| 6 | ഡോ.എ.വിജയകുമാർ, ഡിപ്പാർട്ട്മെന്റ് ഓഫ് മാത്തമാറ്റിക്സ്, കുസാറ്റ് | മെമ്പർ |
| 7 | ഡയറക്ടർ, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് | മെമ്പർ, എക്സ് ഒഫിഷ്യോ |